# PM holds All Party Meeting to discuss situation in India-China border areas

June 19, 2020

---

## ഇന്ത്യ ചൈന അതിർത്തി പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് പ്രധാനമന്ത്രി സർവ കക്ഷി സമ്മേളനം നടത്തുന്നു

**ജൂൺ** 19, 2020

**നമ്മുടെ ധീര ജവാന്മാരിൽ 20 പേർ മഹത്തായ ലഡാക്കിൽ ജീവത്യാഗം ചെയ്തിരിക്കുന്നു എന്നാൽ മാതൃരാജ്യത്തിനെതിരെ നീങ്ങാൻ ശ്രമിച്ചവരെ ഒരു പാഠം പഠിപ്പിക്കുകയും ചെയ്തിരിക്കുന്നു: പ്രധാനമന്ത്രി**

**നമ്മുടെ പ്രദേശത്തിനകത്ത് ആരും ഇല്ല, നമ്മുടെ ഒരു പോസ്റ്റും പിടിച്ചെടുത്തിട്ടില്ല: പ്രധാനമന്ത്രി**

**ഇന്ത്യയ്ക്ക് സമാധാനവും സൗഹൃദവും തന്നെയാണ് ആവശ്യം എന്നാൽ, പരമാധികാരത്തെ പ്രഥമമായി കണക്കാക്കുന്നു :പ്രധാനമന്തി**

**കരസേനകൾക്ക് ആവശ്യമായ ഏതു നടപടിയും സ്വീകരിക്കാൻ സ്വാതന്ത്ര്യമുണ്ടായിരിക്കും: പ്രധാനമന്ത്രി**

**അതിർത്തികൾ കൂടുതൽ സുരക്ഷിതമാക്കാൻ സർക്കാർ അതിർത്തി മേഖലയിലെ നിർമാണ പ്രവർത്തങ്ങൾക്ക് കൂടുതൽ മുൻഗണന നൽകാൻ ആഗ്രഹിക്കുന്നു:പ്രധാനമന്ത്രി**

**ദേശീയ സുരക്ഷയ്ക്കും ഇത്തരം നിർമാണ പ്രവർത്തങ്ങൾക്കും ആവശ്യമായ നടപടികൾ എല്ലാം തന്നെ വളരെ വേഗത്തിൽ തുടരുന്നതാണ്.**

**സർക്കാരിനൊപ്പം നിലക്കാനുള്ള സന്നദ്ധത എല്ലാ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കളും അറിയിച്ചു കൂടാതെ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ അവർ വിശ്വാസം പ്രകടിപ്പിച്ചു.**

ഇന്ത്യ-ചൈന അതിർത്തി പ്രദേശങ്ങളിലെ സാഹചര്യം ചർച്ച ചെയ്യുന്നതിന് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര വീഡിയോ കോൺഫറൻസിലൂടെ ഒരു സമ്മേളനം വിളിച്ചു ചേർത്തു. സമ്മേളനത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുടെ നേതാക്കൾ പങ്കെടുത്തു.

കരസേനയുടെ ധീരത

ഇന്ന് നമ്മൾ അതിർത്തികൾ കാക്കുന്ന ധീരജവാന്മാർക്ക് പൂർണമായ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നും അവരുടെ ധീരതയിൽ പൂർണമായി വിശ്വസിക്കുന്നുവെന്നു പ്രധാനമന്ത്രി അടിവരയിട്ടു പ്രഖ്യാപിച്ചു. എല്ലാ പാർട്ടികളും ഉൾപ്പെടുന്ന സമ്മേളനത്തിലൂടെ രക്തസാക്ഷികളുടെ കുടുംബങ്ങൾക്ക് പൂർണ്ണമായ പിന്തുണ പ്രഖാപിച്ചുകൊണ്ട് രാജ്യം മുഴുവൻ അവർക്കൊപ്പം നിലകൊള്ളുന്നുവെന്നു ഉറപ്പു വരുത്തുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

നമ്മുടെ പ്രവിശ്യകൾക്കകത്ത് ആരും തന്നെയില്ല എന്നും നമ്മുടെ ഒരു പോസ്റ്റും പിടിച്ചെടുത്തിട്ടില്ല എന്നും തുടക്കത്തിൽ തന്നെ അദ്ദേഹം വ്യക്തമാക്കി. നമ്മുടെ ധീര ജവാന്മാരിൽ ഇരുപത് പേർ മഹത്തായ ലഡാക്കിൽ ജീവത്യാഗം ചെയ്തിരിക്കുന്നുവെന്നും എന്നാൽ മാതൃരാജ്യത്തിനെതിരെ നീങ്ങാൻ ശ്രമിച്ചവരെ ഒരു പാഠം പഠിപ്പിക്കുകയും ചെയ്തിരിക്കുന്നുവന്നു അദ്ദേഹം പറഞ്ഞു. രാജ്യം എന്നും അവരുടെ ധീരതയും ത്യാഗവും ഓർമിക്കുന്നതാണ്.

LAC യിൽ ചൈന സ്വീകരിച്ച നടപടികളി ൽ മുഴുവൻ രാജ്യത്തിനു മുറിവേറ്റിരിക്കുന്നു വെന്നും വിദ്വേഷമുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. നമ്മുടെ കാരസേനമേധാവികൾ ആരും തന്നെ രാജ്യത്തെ സുരക്ഷിതമാക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ വിട്ടുപോയിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു. അത് സൈനികവിന്യാസമോ പ്രവർത്തനമോ പ്രതിരോധമോ ആയിക്കൊള്ളട്ടെ കരയിലൂടെയോ കടയിലൂടെയോ വ്യോമമാർഗമോ ആയിക്കൊള്ളട്ടെ നമ്മുടെ സേനകൾ രാജ്യത്തെ രക്ഷിക്കുന്നതിനുള്ള ആവശ്യനടപടികൾ എല്ലാം സ്വീകരിച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ ഒരു ഇഞ്ചു പോലും സ്വന്തമാക്കാൻ ആരും ധൈര്യപ്പെടാത്ത അത്രയും കഴിവുകളാണ് രാജ്യത്തിനു ഇന്നുള്ളത്. പ്രവിശ്യകളിലൂടെ കൂട്ടമായി സഞ്ചരിക്കാൻ ഇന്ന് ഇന്ത്യൻ സേന സജ്ജമാണ് എന്നും അദ്ദേഹം പറഞ്ഞു. കൂടാതെ സൈനിക വിഭാഗങ്ങൾക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കാനുള്ള സ്വാതന്ത്ര്യവുമുണ്ട്.നയതന്ത്ര ചാനലുകളിലൂടെ ഇന്ത്യ തങ്ങളുടെ നിലപാട് ചൈനയോട് വ്യക്തമാക്കിയിരുന്നു.

അതിർത്തിയിലെ നിർമിതമായ ഘടന ശക്തിപ്പെടുത്തുക

ഇന്ത്യ സമാധാനവും സൗഹൃദവുമാണ് ആഗ്രഹിക്കുന്നത് എന്നാൽ എല്ലാത്തിനുമുപരിയായി പരമാധികാരം ഉയർത്തിപ്പിടിക്കുകയും ചെയ്യുന്നു.അതിർത്തികൾ കൂടുതൽ സുരക്ഷിതമാക്കുന്നതിനായി അതിർത്തിപ്രദേശങ്ങളിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ മുൻഗണന നൽകുന്നുവെന്ന് അദ്ദേഹം ചൂണ്ടികാണിച്ചു. സേനയുടെ ഫൈറ്റർ പ്ലെയിനുകൾ, ആധുനിക ഹെലികോപ്റ്ററുകൾ, മിസൈൽ പ്രതിരോധ സംവിധാനം കൂടാതെ മറ്റു ആവശ്യങ്ങൾ എന്നിവയ്ക്കും സൗകര്യങ്ങൾ ഒരുക്കുന്നതാണ്. അടുത്തിടെ രൂപപ്പെടുത്തിയ നിർമിതി അനുസരിച്ച് LAC യിലെ പട്രോളിംഗ് ശേഷിയും വർദ്ധിച്ചിരിക്കുന്നതായും ഇതിനെ കുറിച്ചുള്ള അറിവുകൾ മികച്ച രീതിയിൽ നിരീക്ഷിക്കാനും പ്രതികരിക്കാനും വഴിയൊരുക്കുമെന്ന് അദ്ദേഹം പറഞ്ഞു.മുൻപ് ഇത്തരത്തിലുള്ള ഗതാഗതങ്ങൾ ഒരു തടസവും കൂടാതെ നടന്നിരുന്നുവെന്നു എന്നാൽ എപ്പോൾ ചില സമയങ്ങളിൽ അത് നമ്മുടെ ജവാന്മാർ പരിശോധിക്കേണ്ടതായി വരുന്നത് സമ്മർദത്തിന് കാരണമാകുന്നുവെന്ന് അദ്ദേഹം പറഞ്ഞു.മികച്ച നിർമാണ പ്രവർത്തനങ്ങൾ മൂലം പ്രതിസന്ധിഘട്ടങ്ങളിൽ ജവാന്മാർക്ക്

ആവശ്യമായ സാധനസാമഗ്രികൾ വിതരണം ചെയ്യുന്നത് താരതമ്യേനെ എളുപ്പമാകുമെന്നു അദ്ദേഹം നിരീക്ഷിച്ചു.

വ്യാപാരമോ ആശയവിനിമയമോ അല്ലെങ്കിൽ തീവ്രവാദത്തിനെതിരെയുള്ള പ്രതികരണമോ എന്ത് തന്നെയായാലും രാജ്യത്തിന്റെയും അതിലെ പൗരന്മാരുടെയും ക്ഷേമത്തിനായുള്ള സർക്കാരിന്റെ പ്രതിബദ്ധതഉണ്ടായിരിക്കുമെന്നും സർക്കാർ ബാഹ്യ സമ്മർദങ്ങൾക്ക് അതീതമായി പ്രവർത്തിക്കുമെന്നും പ്രധാനമന്ത്രി ഊന്നിപ്പറയുകയും ചെയ്തു.
ദേശീയ സുരക്ഷയ്ക്കും ആവശ്യമായ നിർമാണ പ്രവർത്തനങ്ങൾക്കും വേണ്ട നടപടികൾ എല്ലാം തന്നെ വേഗത്തിൽ നടത്തുന്നതെന്നും അദ്ദേഹം ഉറപ്പു നൽകി. നമ്മുടെ അതിർത്തികൾ സംരക്ഷിക്കാൻ ഉള്ള കരസേനയുടെ ശക്തി നേതാക്കൾക്ക് അദ്ദേഹം ഉറപ്പു നൽകി കൂടാതെ അത്യാവശ്യവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് അവർക്ക് സ്വാതന്ത്ര്യത്തെ നൽകിയതായും അദ്ദേഹം പറഞ്ഞു.

രക്തസാക്ഷികളുടെ ത്യാഗത്തെ രാജ്യം ഒരിക്കലും മറക്കുകയില്ലയെന്ന് പ്രതിരോധ മന്ത്രി ശ്രീ രാജ്നാഥ് സിങ് പറഞ്ഞു. ഇന്ത്യയും ചൈനയും തമ്മിൽ അതിര്ത്തികള് കൈകാര്യം ചെയ്യുന്നതിനുള്ള ഉടമ്പടികളെക്കുറിച്ച് വിദേശകാര്യമന്ത്രി ഡോ.എസ ജയശങ്കർ വിവരണം നൽകി കൂടാതെ അതിർത്തിരാജ്യങ്ങളിലെ തിരഞ്ഞെടുത്ത സ്ഥലങ്ങളിൽ നിർമാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് **1999** ലെ മാത്യസഭ തീരുമാനിച്ചതും **2014** ൽ പ്രധാനമന്ത്രി ഉയർന്ന മുൻഗണന നൽകിയതുമായി നിർദേശങ്ങളെക്കുറിച്ച് അറിയിക്കുകയും ചെയ്തു കൂടാതെ അടുത്തിടെ നടന്ന വികസനങ്ങളും പങ്കുവച്ചു.

രാഷ്ട്രീയ നേതാക്കൾ സംസാരിക്കുന്നു

ലഡാക്കിൽ കരസേന അംഗങ്ങൾ പ്രകടിപ്പിച്ച ധീരതയെ രാഷ്ട്രീയ നേതാക്കൾ എല്ലാവരും തന്നെ പ്രകീർത്തിച്ചു. ഇത്തരമൊരു പ്രതിസന്ധി സമയത്തിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ വിശ്വാസമുണ്ടെന്നും സർക്കാരിനൊപ്പം ഒറ്റകെട്ടായി നിൽക്കുമെന്നും അവർ അറിയിച്ചു.ഈ സാഹചര്യം കൈകാര്യം ചെയ്യുന്നതിനുള്ള ആശയങ്ങളും അവർ പങ്കു വച്ചു.

തന്റെ പാർട്ടി സർക്കാരിനൊപ്പം ശക്തമായി നിലകൊള്ളുന്നുവെന്നു മിസ് മമത ബാനർജി പറഞ്ഞു.നേതാക്കൾ തമ്മിൽ ഇക്കാര്യത്തിൽ ഭിന്നതയുണ്ടാകില്ലെന്നും അത് മറ്റു രാജ്യങ്ങൾ ചൂഷണം ചെയ്യാനിടയാകാൻ പാർട്ടികൾ അനുവദിക്കില്ലെന്നും ശ്രീ നിതീഷ് കുമാർ അറിയിച്ചു.പ്രഹനമന്ത്രിയുടെ നേതൃത്വത്തിൽ രാജ്യത്തിനു സുരക്ഷിതത്വം ഉണ്ടെന്നു ശ്രീ ചിരാഗ് പാസ്വാൻ അറിയിച്ചു.ശ്രീ ഉദ്ദവ് താക്കറെ പ്രധാനമന്ത്രിയെ അഭിനന്ദിക്കുകയും മുഴുവൻ രാജ്യവും ഒന്നാണെന്നും അത് പ്രധാനമന്ത്രിയ്‌ക്കൊപ്പമെണെന്നും അദ്ദേഹം പറഞ്ഞു.

വിശദവിവരങ്ങളെക്കുറിച്ച് നേതാക്കൾക്ക് ഇപ്പോഴും വ്യക്തായില്ലെന്ന് മിസ് സോണിയ ഗാന്ധി പേരാണ് കൂടാതെ ഇന്റലിജൻസ് റിപ്പോർട്ടുകൾ അനുബന്ധമായ മറ്റു വസ്തുതകൾ എന്നിവയെക്കുറിച്ച് സർക്കാരിനെ ചോദ്യം ചെയ്യുകയും ചെയ്തു. സേന അംഗങ്ങൾ ആയുധധാരികളായിരുന്നോ അല്ലയോ എന്നത് അന്താരാഷ്ട്ര ഉടമ്ബടികൾക്ക് അനുസൃതമാണെന്നും പാർട്ടികൾ ഇത്തരം കാര്യങ്ങളിലെ സംവേദകതത്വത്തെ ബഹുമാനിക്കുന്നുവെന്നു ശ്രീ ശരത് പവാർ പറഞ്ഞു. വടക്കുകിഴക്ക് ഭാഗത്തു പ്രധാനമന്ത്രി ഊന്നൽ നൽകുന്ന നിർമ്മാണ പ്രവർത്തങ്ങൾ തുടർന്ന് പോരണമെന്ന് ശ്രീ കോൺറാഡ് സാങ്മ അഭിപ്രായപ്പെട്ടു. ഇത് രാഷ്ട്രീയ കാലികൾക്കുള്ള സമയമില്ലെന്ന് പ്രഹനമന്ത്രി എന്ത് തീരുമാനം സ്വീകരിച്ചാലും അതിനു ഐക്യ ദാർഢ്യം പ്രഖ്യാപിക്കുന്നുവെന്നു മിസ് മായാവതി പറഞ്ഞു. പ്രസ്തുത പ്രശ്നത്തിൽ പ്രധാനമന്ത്രി അടുത്തിടെ നടത്തിയ പ്രസ്താവന സ്വാഗതം ചെയ്യുന്നുവെന്ന് ശ്രീ എം കെ സ്റ്റാലിൻ പറഞ്ഞു.

സമ്മേളനത്തിൽ പങ്കെടുത്തതിനും തങ്ങളുടെ കാഴ്ചപ്പാടുകൾ വ്യക്തമാക്കിയതിനും പ്രധാനമന്ത്രി നേതാക്കൾക്ക് നന്ദി അറിയിച്ചു.

ന്യൂ ഡൽഹി
**19 ജൂൺ, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.